**പതിമൂന്നാം കേരളനിയമസഭ**
**പതിനൊന്നാം സമ്മേളനം.**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4903** **27.06.2014-ൽ മറുപടിക്ക്**

# അന്യ സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ കൊണ്ടുവന്ന സംഭവത്തിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ വിലയിരുത്തൽ

ചോദ്യം

ശ്രീ. പി.റ്റി.എ.റഹീം

ഉത്തരം

**ഡോ. എം.കെ. മുനീർ**
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി )

| | | | |
|---|---|---|---|
| (എ) | അന്യ സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ കൊണ്ടുവന്ന സംഭവം ഓർഫനേജ് കൺട്രോൾ ബോർഡ് വിലയിരുത്തിയിട്ടുണ്ടോ; | (എ) യും (ബി) യും | അന്യ സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ കൊണ്ടുവന്ന സംഭവം 4/6/2014ന് കൂടിയ ഓർഫനേജ് കൺട്രോൾ ബോർഡ് യോഗം വിശദമായി ചർച്ച ചെയ്തു. പ്രസ്തുത ബോർഡ് യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇക്കാര്യത്തിൽ ബോർഡ് തീരുമാനത്തിന്റെ കോപ്പി ലഭ്യമാക്കുമോ; | | |
| (സി) | കുട്ടികളെ അർദ്ധരാത്രിക്ക് ശേഷം വാഹനങ്ങളിൽ കുത്തിനിറച്ച് വിവിധ ജില്ലകളിലേക്ക് കൊണ്ടുപോയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ചൈൽഡ് വെൽഫയർ കമ്മിറ്റി ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയിൽ ഓർഫനേജ് കൺട്രോൾ ബോർഡ് അതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ടോ? | (ഡി) | 25.5.2014ന് പാലക്കാട് എത്തിയ 123 കുട്ടികളെ ജില്ലകൾ തോറും മാറി മാറി കൊണ്ടു പോയതിൽ ബോർഡ് അതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അന്വേഷണം

1

# ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്- കേരള

## 3rd Floor, Vikas Bhavan, Thiruvananthapuram.

## Phone No: 0471-2303077

04/06/2014-ൽ കൂടിയ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ 54-ാമത് ബോർഡ് യോഗ മിനിട്സ്.

**സ്ഥലം: ഓർഫനേജ് കൺട്രോൾ ബോർഡ് കോൺഫറൻസ് ഹാൾ, തിരുവനന്തപുരം.**

തീയതി: **04/06/2014**.

സമയം: **11. AM.**

ഹാജർ:-

1. ശ്രീ. പി.സി. ഇബ്രാഹിം മാസ്റ്റർ (ചെയർമാൻ) Sd/
2. ശ്രീ. ഡോമനിക് പ്രസന്റേഷൻ എം.എൽ.എ "
3. ശ്രീ പി.റ്റി.എ റഹീം എം.എൽ.എ "
4. ഡോ. കുര്യാക്കോസ് മൂലയിൽ (മെംമ്പർ) "
5. അഡ്വ. തുളസി ഭായി (മെമ്പർ) "
6. സിസ്റ്റർ. വിനീത ഡി എസ് എസ് (മെമ്പർ) "
7. അനീന ജോസഫ് മാത്യു (മെമ്പർ) "
8. ശ്രീ കെ കെ മണി (മെമ്പർ സെക്രട്ടറി) "

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ 54-ാം യോഗം ബോർഡ് ചെയർമാന്റെ അദ്ധ്യക്ഷതയിൽ കൂടി. 30/04/2014-ലെ യോഗ തീരുമാനത്തിന്റെ Action Taken Report അവതരിപ്പിച്ചു. 13/05/2014-ലെ യോഗ മിനിട്ട്സ് ചർച്ച ചെയ്തു താഴെ കാണുന്ന ഭേദഗതികളോടെ അംഗീകരിച്ചു.

പൂർണ്ണശ്രീ ബാലികാസദനം, തിരുവല്ലം, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ അംഗീകാരം 13/05/2014 ൽ പാസ്സാക്കി എങ്കിലും മിനിട്സിൽ വന്നില്ല എന്നും ആയതിനാൽ അതുകൂടി ഉൾപ്പെടുത്തി മിനിട്സ് അംഗീകരിക്കുവാനും തീരുമാനിച്ചു.

**I. <u>അംഗീകാരം പുതുക്കി നൽകൽ:-</u>**

04/06/2014 ന് കൂടിയ ബോർഡ് യോഗം മെമ്പർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന സ്ഥാപനങ്ങളുടെ അംഗീകാരം പുതുക്കി നൽകുന്നതിന് തീരുമാനിച്ചു.

| Sl.No. | Name | Renew Certificate No. | Type | W.e.f |
|---|---|---|---|---|
| | | **Thiruvananthapuram** | | |
| 1 | Abhaya bala, Abhayagramam, Moongode P O, Peyad, TVPM | 949 | Boarding home for girls | 04/06/2014 |
| | | **Kannur** | | |
| 2 | Mythri Sadanam, Mottammal Road, South Bazar, Kannur – 670002 | 1282 | Old age home ( Men & Women) | 04/06/2014 |
| 3 | Samaritan Home, Hollow way Road, Thalassery | 1678 | Old age home ( Men & Women) | 04/06/2014 |
| 4 | Snehodaya Balabhavan, Velimanam P O, Payam (via), Kannur- 670704 | 611 | Boarding home for girls | 04/06/2014 |

**II. <u>പുതിയ അംഗീകാരം നൽകൽ:-</u>**

| Sl.No. | Name | Renew Certificate No. | Type | W.e.f |
|---|---|---|---|---|
| | | **Pathanamthitta** | | |
| 1 | Grace Senior Home, Madthumchal, Kottanadu P O, Pathanamthitta – 689615 | 2258 | Old age Home (women) | 04/06/2014 |
| | | **Ernakulam** | | |
| 2 | Sree Poornathrayeesa Vridhasadanam Charitable | 2257 | Old age Home (Men & women) | 04/06/2014 |

| | | | | |
|---|---|---|---|---|
| | Trust, Near Old Bus stand, Thripunithura, Ernakulam682301 | | | |
| **Wayanad** | | | | |
| 3 | Sevana Sadanam Social Service Centre, Rippon, Meppady, Wayanad- 673577 | 2259 | Boarding home for girls | 4/6/2014 |
| 4. | PoornaSree Balika Sadanam ,Narasimhapuram, Lanka, Thiruvallom, Thiruvallom PO | 2260 | Boarding home for girls (75 ) | 4/6/14 |

I. <u>അംഗസംഖ്യ വർദ്ധിപ്പിച്ച് അംഗീകാരം പുതുക്കി നൽകൽ</u>

| Sl.No. | Name | Renew Certificate No. | Type | W.e.f |
|---|---|---|---|---|
| **Pathanamthitta** | | | | |
| 1 | Asraya Old Age Home, Mallappally West P O, Pathanamthitta | 1865 | Old age home for women | 04/06/2014 |

II. <u>പി ഡബ്ല്യൂ ഡി രജിസ്ട്രേഷൻ - പുതുതായി അംഗീകാരം നല്കൽ</u>

**(A) Home for Mentally ill Persons**

| Sl.No. | Name | Renew Certificate No. | Type | W.e.f |
|---|---|---|---|---|
| **Kottayam** | | | | |
| 1 | Jeevan Jyothi Ashram, Malakunnam P O, Kurichy, Kottayam- 686535 | 85/14/PRC | Psycho social Rehabilitation centre for Mentally ill women | 04/06/2014 |

**(B) Home for Mentally & Physically Challenged Persons**

| Sl.No. | Name | Renew Certificate No. | Type | W.e.f |
|---|---|---|---|---|
| **Idukki** | | | | |
| 1 | Providence Home, Aruvikuzhi P O, Kadalimattom, Kottayam – 683503 | 18/14 | Home for physically handicapped , mentally challenged and Multidisabled | 04/06/2014 |

| | | | | |
|---|---|---|---|---|
| 2 | Providence Home, Ezhumattom P O, Muthalakodam, Thodupuzha, Idukki | 19/14 | Home for mentally challenged and multiple disabled | 04/06/2014 |

## III. രണ്ട് സ്ഥാപനങ്ങൾ ഒന്നാകുന്നത് സംബന്ധിച്ച്

സമരിയൻ ഹോം ഹോളോവേ റോഡ്, തലശ്ശേരി എന്ന പേരിൽ Old age home for men (അംഗീകാര നം.: 1678) ആയി 20 പേർക്കും 1681 എന്ന രജിസ്റ്റർ നമ്പറായി Old age home for women ആയി 15 പേർക്കും നൽകിയിട്ടുള്ള രണ്ട് രജിസ്ട്രേഷനുകൾ ഒന്നായി Old age home for men & women എന്ന് സർട്ടിഫിക്കറ്റ് നൽകണം എന്ന സ്ഥാപനത്തിന്റെ അപേക്ഷ മെമ്പറുടെ ശുപാർശ പ്രകാരം അംഗീകരിച്ച് 1678 എന്ന നമ്പരിൽ 20 പുരുഷൻ മാർക്കും 15 സ്ത്രീകൾക്കും ഉൾപ്പടെ 35 പേർക്കായി അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു. 1681 എന്ന ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിനും തീരുമാനിച്ചു.

## IV. സ്ഥാപനത്തിന്റെ ലൊക്കേഷൻ മാറ്റുന്നത് സംബന്ധിച്ച്

കോഴിക്കോട് ജില്ലയിൽ കാരക്കുന്നത്ത് പൊന്നശ്ശേരിയിൽ പ്രവർത്തിക്കുന്ന ബൈത്തുൾ ഇസാ ഡസ്റ്റിറ്റ്യൂട്ട് ഹോം ഫോർ ഗേൾസ് എന്ന സ്ഥാപനം (നമ്പർ 1919) കെട്ടിടത്തിൽ നിന്ന് മടവൂർ പഞ്ചായത്തിലെ എം പി 5/84 എന്ന കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിയ്ക്കണം എന്ന അപേക്ഷ അംഗീകരിച്ച് നിലവിലുള്ള അംഗസംഖ്യ 28- ൽ നിന്ന് 100 പേർക്കായി എണ്ണം വർദ്ധിപ്പിച്ച് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

## VII. സർട്ടിഫിക്കറ്റിലെ തെറ്റ്തിരുത്തൽ

1. 1123-ാം നമ്പർ എം എസ് ഐ ബനാത്ത് യത്തീംഖാന നൽകിയിട്ടുള്ള സർട്ടിഫിക്കറ്റിൽ ബോർഡിംഗ് ഹോം ഫോർ ബോയ്സ് എന്നതിനു പകരം ബോർഡിംഗ് ഹോം ഫോർ ഗേൾസ് എന്ന് തിരുത്തി നൽകുന്നതിന് തീരുമാനിച്ചു.
2. 2247-ാം നമ്പരായി അംഗീകാരം നൽകിയിട്ടുള്ള ദാറുൾ റഹീദാ ഓർഫനേജിന്റെ സർട്ടിഫിക്കറ്റിലെ ബോർഡിംഗ് ഫോർ ഗേൾസ് എന്ന സ്ഥാപനത്തിന്റെ മാനേജർ എന്ന സ്ഥലത്ത് പി കെ ജലാലുദ്ദീൻ, ലായം മരയ്ക്കാർ വീട്, പി ഒ ഏണമാക്കൽ എന്നാക്കി തിരുത്തി നൽകുന്നതിന് തീരുമാനിച്ചു.

## VIII. സർക്കാരിലേക്ക് ശുപാർശ ചെയ്യൽ

ആത്മ ഗുരുകുലം, അടാട്ട് റോഡ്, കുറണാട്ടുകര, തൃശ്ശൂർ എന്ന സ്ഥാപനത്തിന് ഒരു ഗേൾസ് ഹോം അനുവദിയ്ക്കുന്നതിനുള്ള അപേക്ഷ കെട്ടിടം ലീസിന് എടുത്തിട്ടുള്ളതാണെന്നും 7 Km ന് ഉള്ളിൽ മറ്റൊരു സ്ഥാപനം ഉണ്ടെന്നുള്ള കാരണത്താൽ ബോർഡ് അംഗീകാരം നിരസിച്ചിരുന്നു. ചെയർമാന്റെ പുനരന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ സ്പെഷ്യൽ കേസ് ആയി പരിഗണിയ്ക്കുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

## IX . സ്ഥാപനങ്ങൾക്കെതിരെയുള്ള നടപടികൾ

1. **ഓസ് വാൾഡ് -മലപ്പുറം.**

ഈ സ്ഥാപനത്തിന്റെ അംഗീകാരം നേടിയെടുത്തത് ക്രമപ്രകാരം അല്ല എന്നും സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ തൃപ്തികരമല്ലായെന്നും കാണിച്ച് നാട്ടുകാരിൽ നിന്ന് ലഭിച്ച പരാതിയിൻമേൽ ബോർഡ് നടപടികൾ ആരംഭിച്ചിരുന്നു. ഇതിനെതിരെ സ്ഥാപന അധികാരികൾ ബഹു: ഹൈക്കോടതിയെ സമീപിക്കുകയും ബഹു: ഹൈക്കോടതി WP (c) 6539/2013 (M) dated, 21/05/2013 ൽ പുറപ്പെടുവിച്ച ഉത്തരവിൽ ബോർഡ് ആരംഭിച്ചിരുന്ന നടപടികൾ പരാതിക്കാരനെ നേരിൽ കേൾക്കുന്നതിനുള്ള ഒരവസരം കൂടി കൊടുത്തതിന് ശേഷം മാത്രമേ ഡിസ്പോസ് ചെയ്യാൻ പാടുള്ളൂ എന്ന് ഉത്തരവ് ആയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 21/01/2014 ൽ പരാതിക്കാരന് വിശദമായ നോട്ടീസ് നൽകി. 06/02/2014 ൽ ഹിയറിംഗിന് അവസരം നൽകുകയുണ്ടായി. പ്രസ്തുത ഹിയറിംഗിൽ ഹാജരായ പരാതിക്കാരൻ വരവ് ചിലവു കണക്കുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും ഹാജരാക്കിയിരുന്നില്ല. ആയതിനാൽ മറ്റൊരു അവസരം കൂടി നൽകണമെന്ന് ആവശ്യപ്പെട്ടതിൻ പ്രകാരം 25/02/2014 ൽ ഹിയറിംഗിന് അവസരം നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത ഹിയറിംഗിന് പരാതിക്കാരൻ ഹാജരാവുകയുണ്ടായില്ല. തുടർന്ന് 04/06/2014 ൽ പരാതിക്കാരന് ഒരവസരം കൂടി നൽകുകയുണ്ടായി. പരാതിക്കാരൻ തെറ്റായ വിവരം നൽകിയാണ് ബോർഡിൽ നിന്ന് അംഗീകാരം നേടിയിട്ടുള്ളതെന്നും വാടക കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നത് മറച്ച് വച്ച് സ്വന്തമായി ട്രസ്റ്റിന്റെ പേരിലുള്ളതാണെന്ന് പറഞ്ഞ Own Building യഥാർത്ഥത്തിൽ ട്രസ്റ്റിന്റെ പേരിൽ ഉള്ളതായിരുന്നില്ല എന്നീ അരോപണങ്ങളായിരുന്നു പരാതിയിൽ ഉന്നയിച്ചിരുന്നത്. പരാതിയെ തുടർന്ന് ബോർഡംഗം ശ്രീ അബ്ദുൾ സത്താർ ഹാജി അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടും ഇത് സംബന്ധിച്ച് ജില്ലാ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടും കമ്മിറ്റി പരിഗണിച്ചു. ഈ രണ്ട് റിപ്പോർട്ടുകളിലും ആരോപണങ്ങളിൽ കഴമ്പുള്ളതായിട്ടാണ് വ്യക്തമാക്കിയിട്ടുള്ളത്. 25/01/2014 ൽ ഹിയറിംഗ് സമയത്ത് ചക്കാലകുന്നിലെ Property ട്രസ്റ്റിന്റെ പേരിലല്ലയെന്ന വിവരം വ്യക്തമാക്കിയിട്ടുള്ളതാണ്. ബുക്ക്സ് & അക്കൗണ്ട്സ് സമർപ്പിക്കുന്നതിന് എതിർ കക്ഷിക്ക് മതിയായ സമയം നൽകിയെങ്കിലും ഒറിജിനൽ authenticated books & Accounts ഹാജരാക്കിയിട്ടില്ല. ബുക്ക്സ് & അക്കൗണ്ട്സ് സംബന്ധിച്ച ഒരു കമ്പ്യൂട്ടർ പ്രിന്റാണ് പരാതിക്കാരൻ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ യാതൊരുവിധ Authentication നും ഇല്ല. Act & Rules ൽ പറയും പ്രകാരമുള്ള അനുബന്ധ കാര്യങ്ങളും പരാതിക്കാരൻ എഴുതിസൂക്ഷിച്ചിട്ടില്ല എന്നത് വ്യക്തമാണ്. സ്ഥാപനത്തിൽ മതിയായ ജീവനക്കാരോ മറ്റ് സൗകര്യങ്ങളോ നിലവിലില്ല. പരാതിക്കാരന്റെ കുടുംബാംഗങ്ങൾ ചേർന്ന ഒരു ട്രസ്റ്റാണ് നിലവിലുള്ളത്. സ്ഥാപനത്തിന്റെ പണമിടപാടുകളെ സംബന്ധിച്ചും നിലവിൽ പരാതിയുണ്ട്. പരാതിക്കാരൻ ഒറിജിനൽ ക്യാഷ് ബുക്കും മറ്റ് ഡീറ്റെയിൽസും ഹാജരാക്കുവാൻ പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും പരാതിക്കാരന് ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. മേൽകാര്യങ്ങളെല്ലാം പരിഗണിച്ച് ബോർഡ് ഈ സ്ഥാപനത്തിന് 01/09/2013 ൽ 1859 -ാം നമ്പറായി നൽകിയിട്ടുള്ള അംഗീകാരം

റദ്ദ് ചെയ്യുന്നതിനും കാര്യം ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനും തീരുമാനിച്ചു. നിലവിൽ 5 പെൺകുട്ടികൾ ഉള്ളതിനാൽ destitute certificate ഇല്ലാത്ത ഒരാളും ഒരാൾ വീട്ടിലാണെന്നുമാണ് ഹിയറിംഗ് സമയത്ത് അറിയിച്ചിട്ടുള്ളത്. നിലവിലുള്ള കുട്ടികൾക്ക് തുടർ പഠനത്തിന് അനുയോജ്യമായ SC/ST Hostel / തുടർ പഠനസൗകര്യം കണ്ടെത്തുകയോ മാതാപിതാക്കളെ ഏൽപ്പിച്ചു വിടുകയോ ചെയ്യേണ്ടതാണ്. പരാതിക്കാരൻ വേറെ സ്ഥലം കണ്ടെത്തി സ്ഥാപനത്തിനുള്ള കെട്ടിടം പണിയ്ക്കുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അപ്രകാരം അപേക്ഷ ലഭിക്കുന്ന പക്ഷം അപ്പോൾ നിലവിലിരിക്കുന്ന വ്യവസ്ഥ പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

2. **ആലപ്പുഴ ജില്ലയിൽ കറ്റാനം സ്നേഹഭവൻ എന്ന പേരിൽ അനധികൃത സ്ഥാപനം നടത്തുന്നത് സംബന്ധിച്ച്.**

ഇത് സംബന്ധിച്ച പോലീസ് റിപ്പോർട്ടും ജില്ലാ ഓഫീസറുടെ റിപ്പോർട്ടും പരിശോധിച്ചു. അനുയോജ്യമായ പകരം സ്ഥലം കണ്ടെത്തി പോലീസ് അധികാരികളുടെ സഹായത്തോടെ അന്തേവാസികളെ മാറ്റി പാർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസറോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു.

3. **മെഴ്സി ഹോം, നെയ്യാറ്റിൻകര**

ഈ സ്ഥാപനത്തിന്റെ മാനേജർ ആയിരുന്ന സി കെ രാജേന്ദ്രന് എതിരെ കുട്ടികളെ പീഡിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പരാതിയിന്മേൽ തിരുവനന്തപുരം ജില്ലാ ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് യോഗം വിലയിരുത്തി. ഈ സ്ഥാപനത്തിന്റെ ഭാരവാഹിത്വത്തിൽ നിന്നും പരാതിക്കാരനെ മാറ്റി പകരം റോബർട്ട് ജോസ് എം ജി, ശ്രേയസ്സ് ഭവൻ, ക്രൈസ്റ്റ് നഗർ, തോടയംവിള, വെള്ളറട എന്നയാളെ നിയോഗിച്ചിട്ടുണ്ടെന്നും അതുസംബന്ധിച്ച് ജില്ലാ രജിസ്ട്രാർക്ക് സമർപ്പിച്ച , അഫിഡവിറ്റിന്റെ പകർപ്പ് ഹാജരാക്കുകയും ഉണ്ടായി. ഈ സാഹചര്യം പരിഗണിച്ച് കുറ്റാരോപിതനായ ആൾ കോടതി ഉത്തരവ് ഉണ്ടാകുന്നത് വരെ സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ നേരിട്ടോ അല്ലാതെയോ ഇടപെടാൻ പാടില്ല എന്ന് ഭാരവാഹികൾക്ക് നിർദ്ദേശം കൊടുക്കുവാനും സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് Quarterly Report ജില്ലാ ഓഫീസിൽ നിന്ന് വാങ്ങി ബോർഡ് പരിഗണിയ്ക്കണമെന്നും യോഗം തീരുമാനിച്ചു.

4. **കോട്ടയം ജില്ലയിലെ Precious children's home സംബന്ധിച്ച പരാതി**

കോട്ടയം ജില്ലയിലെ Precious children's home നെതിരെ ജില്ലാ ഓഫീസർ നൽകിയ റിപ്പോർട്ട് കമ്മിറ്റി പരിഗണിച്ചു. സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച ഗുരുതരമാണെന്ന് യോഗം വിലയിരുത്തി. അംഗീകാരം റദ്ദ് ചെയ്യാതിരിക്കുവാനുള്ള കാരണം 15 ദിവസത്തിനകം സമർപ്പിക്കുവാൻ നോട്ടീസ് അയയ്ക്കുവാൻ തീരുമാനിച്ചു.

X. **ഓർഫനേജ് നടത്തുന്ന സ്കൂളുകൾക്ക് പ്ലസ് - ടു അനുവദിക്കുന്നത് സംബന്ധിച്ച്.**

മലപ്പുറം ജില്ലാസാമൂഹ്യനീതി ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പൊന്നാനി താലൂക്ക് മുസ്ലീം അസോസിയേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന 444-ാം നമ്പർ അനാഥാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് -ടു അനുവദിക്കണമെന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ അപേക്ഷ സർക്കാരിലേയ്ക്ക് നൽകിയിട്ടുള്ള കാര്യം യോഗത്തിൽ റിപ്പോർട്ട് ചെയ്തു. യോഗം ഈ നടപടി അംഗീകരിക്കുകയുണ്ടായി.

XI. **ഝാർഖണ്ഡ്, ബംഗാൾ, ബീഹാർ എന്നിവടങ്ങളിൽ നിന്ന് അനധികൃതമായി കുട്ടികളെ കൊണ്ടുവന്നത് സംബന്ധിച്ച്.**

ബീഹാർ, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ നിന്ന് 455 കുട്ടികളെ 24/05/2014 ന് കോഴിക്കോട് മുക്കം മുസ്ലീം ഓർഫനേജിലേയ്ക്കും 25/05/2014 ൽ 123 കുട്ടികളെ മലപ്പുറം അൻവാറുൽ ഹുദാ ഓർഫനേജിലേയ്ക്കും കൊണ്ടുവന്നത് സംബന്ധിച്ച കാര്യം പത്ര മാധ്യമങ്ങളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോർഡ് ചർച്ച ചെയ്തു. മതിയായ രേഖകൾ ഇല്ലാതെയാണ് കുട്ടികളെ കൊണ്ടുവന്നിട്ടുള്ളതെന്നും ഇത് ഐ പി സി, 370 -ാം വകുപ്പ് പ്രകാരം കുറ്റകരമായ Child Trafficing ആണെന്നും ഉള്ള വിധത്തിലുള്ള റിപ്പോർട്ടുകളാണ് വന്നിട്ടുള്ളത്. ഇക്കാര്യം ബോർഡ് പരിശോധിച്ച് താഴെകാണും പ്രകാരമുള്ള തീരുമാനം കൈകൊണ്ടു.

1. മതിയായ രേഖകൾ എന്നാൽ ഈ വിഷയത്തിൽ പല ഏജൻസികളും തെറ്റായ രീതിയിലാണ് വ്യാഖ്യാനിച്ചിട്ടുള്ളത്. കുട്ടികളുടെ ഐഡന്റിഫിക്കേഷനോടു കൂടിയ ലിസ്റ്റ് ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റ ശുപാർശയോടുകൂടി സമർപ്പിക്കുന്നതാണ് 22/06/2013 ലെ സർക്കാർ G.O(P)52/13/SJD അനുസരിച്ചുള്ള മതിയായ രേഖ, നിലവിലുള്ള കുട്ടികളുടെ കാര്യത്തിൽ ഉൾപ്പടെ ഈ രേഖ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം എല്ലാവരും സമർപ്പിക്കണമെന്ന് സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഈ സർക്കാർ ഉത്തരവിൽ "State Government Concerned" എന്നത് വ്യക്തമാക്കിയിരുന്നില്ല. ഇക്കാര്യം 23/12/2013-ാം തീയതി സർക്കാർ തലത്തിൽ നടത്തിയ റിവ്യൂവിൽ ചർച്ച ചെയ്യുകയും അത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് വ്യക്തത വരുത്തണമെന്ന് കാണിച്ച് 22/04/2014-ാം തീയതി സാമൂഹ്യനീതി ഡയറക്ടർ സർക്കാരിന് ശുപാർശ സമർപ്പിക്കുകയും ആയത് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നതുമാണ്. സാമൂഹ്യനീതി ഡയറക്ടറുടെ ശുപാർശ അംഗീകരിച്ച് അടിയന്തിരമായി ഉത്തരവ് ഉണ്ടാകണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നതിനും, ഇതുമായി ബന്ധപ്പെട്ട വിഷയത്തിൽ സർക്കാർ തീരുമാനം വന്നതിന് ശേഷം തുടർനടപടി സ്വീകിരിച്ചാൽ മതിയെന്നും, ബോർഡ് തീരുമാനിച്ചു. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾ പാലിച്ചിട്ടില്ലെങ്കിലും നിലവിൽ സി ഡബ്ല്യൂ സി കുട്ടികളെ പ്രസ്തുത സ്ഥാപനത്തിനു തന്നെ കൈമാറിയ സാഹചര്യത്തിൽ ടി സ്ഥാപനത്തിനെതിരെ ഉള്ള നടപടികളും മാറ്റി വയ്ക്കുവാൻ തീരുമാനിച്ചു.

2. ഐ പി സി, 370-ാം വകുപ്പ് ചുമത്തി കേസെടുക്കണമെന്ന ആവശ്യം ബോർഡ് വിശദമായി പരിഗണിച്ചു. The Criminal law (Amendment) Act ,2013പ്രകാരം ഭേദഗതി വരുത്തിയ ഐ പി സി, 370-ാം വകുപ്പ് അനുസരിച്ച് for the purpose of Exploitation വേണ്ടി വ്യക്തികളെ കടത്തികൊണ്ടുവരുന്നത് സംബന്ധിച്ചാണ്. ഈ കേസിൽ 24/05/2014 ന് പാലക്കാട് വന്ന 455 കുട്ടികളിൽ 242 പേരെ മുക്കം മുസ്ലീം ഓർഫനേജിന് തന്നെ സി ഡബ്ല്യൂ സി 25/05/2014 നും 29/05/2014 നും കൈമാറിയിട്ടുള്ളതാണ്. പാലക്കാട് വന്ന 123 കുട്ടികളെയും മലപ്പുറം സി ഡബ്ല്യൂ സി, അൻവാറുൽ ഹുദാ ഓർഫനേജിനു തന്നെ തിരികെ നൽകിയിട്ടുള്ളതുമാണ്. Exploiterക്ക് victim നെ വിട്ടുകൊടുക്കാൻ സി ഡബ്ല്യൂ സി തയ്യാറാവുകയില്ലയെന്ന് ബോർഡ് വിലയിരുത്തി. ആയതിനാൽ നിലവിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ള വീഴ്ച ഐ പി സി സെക്ഷൻ 370 ന്റെ പരിധിയിൽ വരുന്നതായി ബോർഡ് പരിഗണിച്ചില്ല. ഇക്കാര്യം സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികൾ അന്വേഷിച്ച് വരുന്ന സാഹചര്യത്തിൽ അന്വേഷണ റിപ്പോർട്ട് ലഭ്യമായതിന് ശേഷം മാത്രം ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചാൽ മതിയെന്ന് ബോർഡ് തീരുമാനിച്ചു.

3. ഈ സംഭവത്തിനുശേഷം കുട്ടികൾക്ക് പീഡനം ഉണ്ടാകത്തക്ക രീതിയിൽ വിഷയം ബന്ധപ്പെട്ട അധികാരികൾ കൈകാര്യം ചെയ്തതിൽ ബോർഡ് യോഗം അതൃപ്തി രേഖപ്പെടുത്തി. 25/05/2014 ന് പാലക്കാട് എത്തിയ 123 കുട്ടികളെ ഒരു ദിവസം ആർ പി എഫിന്റെ ഡോർമെറ്ററിയിൽ സൂക്ഷിച്ചശേഷം 26/05/2014ന് 7 Pm ന് അവിടെ നിന്ന് മലപ്പുറത്തിന് അയച്ചതും, മലപ്പുറത്ത് 9 Pm ന് എത്തിച്ചേർന്ന കുട്ടികളെ 45 മിനിട്ടിന് ശേഷം തൃശ്ശൂർക്ക് മാറ്റിയതും 27/05/2014 ന് 1.30 Am തൃശ്ശൂർ എത്തിച്ചേർന്ന കുട്ടികളെ തുടർന്ന് 5 ഓർഫനേജുകളിലേയ്ക്ക് മാറ്റിയതും, അതിനുശേഷം വീണ്ടും തിരികെ മലപ്പുറത്തെ കുറ്റം ആരോപിച്ച അൻവാറുൾ ഹുദായ ഓർഫനേജിന് തന്നെ കൈമാറുകയുമാണ് ഉണ്ടായിട്ടുള്ളത്. മലപ്പുറത്തും തൃശ്ശൂരും സർക്കാർ വക മതിയായ സംരക്ഷണ ഭവനങ്ങൾ ഇല്ലായെന്ന് ബന്ധപ്പെട്ട എല്ലാവർക്കും അറിവുള്ളതാണ്. ഈ നടപടികൾക്ക് കുട്ടികൾക്കുണ്ടായിട്ടുള്ള ശാരീരിക മാനസിക പ്രയാസങ്ങൾ കണക്കിലെടുക്കേണ്ടതാണ്. ജയിലുകളിൽ ഉള്ള കുറ്റവാളികളെ പോലും വൈകുന്നേരം 6 Pm കഴിഞ്ഞാൽ സ്ഥാനങ്ങൾ മാറ്റുവാൻ നിയമം ഇല്ല. അതോടൊപ്പം 3 ദിവസം റെയിൽവേയിൽ മതിയായ രേഖകൾ പോലും ഇല്ലാതെ മനുഷ്യത്വരഹിതമായി കുട്ടികളെ കൊണ്ടു വന്നതിൽ റെയിൽവേ അധികാരികളുടെ ഭാഗത്തുനിന്നുള്ള വീഴ്ചയും ഗുരുതര മായിട്ടുള്ളതാണ്. ഇക്കാര്യങ്ങൾ കൂടി ഐ പി സി, 370 ന്റെ Explanation (1) ന്റെ പരിധിയിൽ ഉൾപ്പെടുന്നതാണോ എന്ന് ബന്ധപ്പെട്ടവർ പരിശോധിക്കേണ്ടതാണ്. കൂടാതെ ഐ പി സി സെക്ഷൻ 370 ന്റെ Explanation (2) പ്രകാരം Victim ന്റെ Consent, offence determination ന് ആവശ്യം ഇല്ലാത്ത സ്ഥിതിയ്ക്ക് അന്വേഷണത്തിന്റെ പേരിൽ കുട്ടികളെ തുടർന്ന്

15



പീഡിപ്പിക്കുന്നില്ലയെന്ന് ഉറപ്പ് വരുത്തണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

4. സ്ഥാപനങ്ങളുടെ സൂപ്പർവിഷൻ കൺട്രോൾ ശക്തമാക്കുന്നതിന് വേണ്ടി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും ഇദ്ദേഹത്തിന്റെ കീഴ് ജീവനക്കാർക്കും അധികാരം നൽകണമെന്ന് കാണിച്ച് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് 16/05/2013 ലും, കൂടാതെ സ്ഥാപനങ്ങളിലൂടെ സേവനങ്ങൾക്ക് മിനിമം സ്റ്റാൻഡേർഡ് നിശ്ചയിച്ചിട്ടുള്ള റഗുലേഷൻ ഭേദഗതി 29/11/2012 ലും ബഹു.സാമൂഹ്യനീതിവകുപ്പ് മന്ത്രി വിവിധ മീറ്റിംഗുകളിലൂടെ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബോർഡ് പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും സാങ്കേതിക കാരണങ്ങൾ കാണിച്ച് നിയമവകുപ്പ് തിരിച്ചയയ്ക്കുകയാണ് ഉണ്ടായിട്ടുള്ളത്. ഇക്കാര്യം ബഹു. മുഖ്യമന്ത്രി ഇടപെട്ട് അടിയന്തിരമായി പരിശോധിച്ചും Power delegation ഉം Minimum standard Regulation ഉം പുറപ്പെടുവിക്കണമെന്നു സർക്കാരിനോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു. സ്ഥാപനങ്ങൾ വ്യവസ്ഥാപിതമായി നല്ല നിലവാരത്തിൽ പ്രവർത്തിക്കുവാൻ ഈ നടപടികൾ മതിയാകുമെന്ന് ബോർഡ് വിലയിരുത്തി.

സെക്ഷൻ ഓഫീസർ